പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1729 03-10-2011 -ൽ മറുപടിക്ക്.

## കുടിശ്ശിക നിവാരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണത്തിനായി ഹൗസിംഗ് ബോർഡ് മുഖാന്തിരം വായ്പ എടുത്തിട്ടുള്ള കുടിശ്ശികക്കാർക്കുവേണ്ടി പ്രത്യേക ഇളവുകളോടെ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഭവനനിർമ്മാണത്തിനായി ഹൗസിംഗ് ബോർഡ് മുഖാന്തിരം വിവിധ പദ്ധതികളിലൂടെ വായ്പ എടുത്തിട്ടുള്ള കുടിശ്ശികക്കാർക്കുവേണ്ടി പ്രത്യേക ഇളവുകളോടെ കുടിശ്ശിക തീർക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) അതുവരെ കുടിശ്ശികക്കാരുടെ മേൽ കൈക്കൊള്ളുന്ന റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വായ്പാകണക്ക് അവസാനിപ്പിക്കുവാൻ താല്പര്യം പ്രകടിപ്പിച്ച് അപേക്ഷ നൽകുന്ന കുടിശ്ശികക്കാർക്ക് അതിനുള്ള അനുമതി നൽകിക്കൊണ്ട് റവന്യൂ റിക്കവറി നടപടികൾ തൽക്കാലത്തേക്ക് നിർത്തി വയ്ക്കുന്നുണ്ട്. ഇളവുകളോടെ നടപ്പാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റവന്യൂ റിക്കവറി കേസുകളിലും ബാധകമായതിനാൽ ടി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി റവന്യൂ റിക്കവറി നടപടി നേരിടുന്ന ഗുണഭോക്താക്കൾക്ക് വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ